# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2413 — 18/02/2016 -ൽ മറുപടിക്ക്

# കേരളാ വാട്ടർ അതോറിറ്റിയിൽ ജോലി ചെയ്യുന്ന എച്ച്.ആർ. ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരളാ വാട്ടർ അതോറിറ്റിയിൽ ജോലി ചെയ്യുന്ന എച്ച്.ആർ. ജീവനക്കാർക്ക് വേതനം കൃത്യമായി ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) 2014 മാർച്ച് മാസം മുതൽ കരാറുകാർ മുഖേന ജോലി ചെയ്യുന്ന എച്ച്.ആർ ജീവനക്കാരുടെ വേതനം കമ്പ്യൂട്ടർവൽക്കരിക്കുകയുണ്ടായി. അന്നുമുതൽ അതാതു മാസത്തെ വേതനം അടുത്ത മാസം 15-ാം തീയതിക്ക് മുമ്പ് നൽകിവരുന്നുണ്ട്. 2014 മാർച്ചിന് മുമ്പുള്ള മാസത്തെ കുടിശ്ശിക അതാത് ഡിവിഷനുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കണക്കുകൾ പരിശോധിച്ച് തീർപ്പാക്കുന്നുണ്ട്. |
| (ബി) എച്ച്.ആർ. വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; ഇവർക്ക് മിനിമം വേതനം ഉറപ്പാക്കുവാൻ സർക്കാർ ഭാഗത്തുനിന്നും ബോർഡിന്റെ ഭാഗത്തുനിന്നും നടപടി ആരംഭിക്കുമോ? | (ബി) കേരള വാട്ടർ അതോറിറ്റിയിൽ കരാറുകാർ മുഖേനയാണ് സ്ഥിരം ജീവനക്കാർ ഇല്ലാത്ത പമ്പ് ഹൗസുകളും മറ്റും പ്രവർത്തിപ്പിക്കുന്നത്. ഇത്തരം പ്രവർത്തികൾക്ക് കരാർ നൽകി വരുന്നത് സർക്കാർ അംഗീകൃത ഷെഡ്യൂൾ റേറ്റ് അനുസരിച്ചാണ്. ഇത് നിലവിൽ ഗവൺമെന്റ് അംഗീകൃത മിനിമം വേജസിന് മുകളിലുള്ള തുകയാണ്. |

സെക്ഷൻ ഓഫീസർ

JSK/